**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** **30-07-2021 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് വനഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് താലൂക്കിൽ 01.01.1977 ന് മുമ്പ് മുതൽ വനഭൂമിയിൽ താമസിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ സർവ്വേ നടത്തിയിട്ടുണ്ടോ; | (എ) | 03/08/1989 ലെ G.O(MS)655/89, 14/12/1999 ലെ G.O(MS) 510/99/RD എന്നീ ഗവൺമെന്റ് ഉത്തരവുകളുടെ അടിസ്ഥാ നത്തിൽ മണ്ണാർക്കാട് താലൂക്കിലെ 01/01/1977- ന് മുമ്പുള്ള വനം കയ്യേറ്റം കണ്ടെത്തുന്നതിന് വനം - റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി 465 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പട്ടയം ലഭിക്കുന്നതിന് അർഹരായവരുടെ പട്ടിക ഉൾപ്പെടെ പാലക്കാട് ജില്ല കളക്ടർ 11.11.2020-ന് ഒലവക്കോട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്-ന് നൽകിയ ഫയലിൽ (എൻ.ആർ.എ 5-2005/4455/9(1999/44665/9) സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) | കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം പട്ടയം അനുവദിക്കുന്നതിനുള്ള തുടർനടപടികൾ യൂസർ ഏജൻസി എന്ന നിലയിൽ റവന്യൂ വകുപ്പ് മുഖേന നടന്നു വരുന്നു. |
| (സി) | അർഹതപ്പെട്ടവർക്ക് പട്ടയം ലഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | യൂസർ ഏജൻസി എന്ന നിലയിൽ റവന്യൂ വകുപ്പ് നടപടികൾ പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്കാണ് പട്ടയം അനുവദിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ